**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1207** **10-10-2024 - ൽ മറുപടിയ്ക്ക്**

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സിറ്റി റോഡ് ഇപ്രൂവ്മെന്റ് സ്കീമിൽപ്പെട്ട സരോവരം-കളിപൊയ്ക മേൽപാലം ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | സിറ്റി റോഡ് ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെട്ട സരോവരം - കളിപ്പൊയ്ക മേൽപ്പാലം (മിനി ബൈപ്പാസ് - പനാത്തുതാഴം മേൽപ്പാലം) കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം രണ്ടിൽ 1312.679 കോടി രൂപയുടെ അടങ്കലിൽ 12 കോറിഡോറിൽ ഉൾപ്പെട്ട പ്രവൃത്തിയാണ്. ടി പ്രവൃത്തിക്ക് 13.03.2024-ലെ GO(Ms) No. 17/2024/PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സ്കെച്ചിൽ സൂപ്പർ ഇംപോസിംഗ് പ്രവൃത്തി നടന്നു വരികയാണ്. |
| (ബി) | ഗാന്ധി റോഡ് മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം. വരെ ഗതാഗതത്തിന് ഉപയുക്തമാക്കുന്ന പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഗാന്ധി റോഡ് മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം. വരെ ഗതാഗത്തിന് ഉപയുക്തമാക്കുന്ന പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സ്കെച്ചിൽ സൂപ്പർ ഇംപോസിംഗ് പ്രവൃത്തി നടന്നു വരികയാണ്. |
| (സി) | സി.ഡബ്ല്യൂ.ആർ.ഡി.എം.-പനാത്ത്താഴം വരെ നിർമ്മിച്ച ഒന്നാംഘട്ട റോഡും എൻ.എച്ച്-66 ന്റെ നിർമ്മാണം മൂലവും ഉണ്ടാകുന്ന തടസ്സം നീക്കുന്നതിന് നേതാജി ജംഗ്ഷനിൽ മേൽപാലം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. സാധ്യത പരിശോധിക്കുകയാണ്. |

സെക്ഷൻ ഓഫീസർ